## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കണ്ണാടി ഗ്രാമ പഞ്ചായത്തിലെ മുൻ യു.ഡി.ക്ലാർക്ക് ശ്രീമതി. എസ്.സന്ധ്യ സമർപ്പിച്ച OA 1020/2015 നമ്പർ അപേക്ഷയിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 23/09/2015 ന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം. 3855/2015/തസ്വഭവ  തീയതി, തിരുവനന്തപുരം. 26.12.2015**

---

പരാമർശം: 1. ശ്രീമതി. എസ്.സന്ധ്യ സമർപ്പിച്ച OA 1020/2015 നമ്പർ അപേക്ഷയിന്മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/09/2015 ലെ ഉത്തരവ്.

2. അഡ്വക്കേറ്റ് ജനറലിന്റെ 14.10.2015 ലെ സി5-OA 1020/2015/എജിഒ നമ്പർ കത്ത്.
3. ശ്രീമതി. എസ്.സന്ധ്യയുടെ 14/11/2007 & 12.05.2008 ലെ അവധിയപേക്ഷകൾ
4. പഞ്ചായത്ത് ഡയറക്ടറുടെ 17.07.2012 & 23.11.2015 ലെ ഇ 5-16093/2011 നമ്പർ കത്തുകൾ.

## ഉത്തരവ്

കണ്ണാടി ഗ്രാമ പഞ്ചായത്തിലെ മുൻ യു.ഡി.ക്ലാർക്ക് ശ്രീമതി. എസ്.സന്ധ്യ സമർപ്പിച്ച OA 1020/2015 നമ്പർ അപേക്ഷയിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം ഒന്നാം എതിർ കക്ഷി( തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി) ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. എസ്.സന്ധ്യയുടെ 15/11/2007 മുതൽ 30/12/2008 വരെയുള്ള ഹാജരില്ലായ്മ കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമവല്ക്കരിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന് ചൂണ്ടിക്കാട്ടിയാണ് അപേക്ഷക ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ അപേക്ഷ സമർപ്പിച്ചത്.

3. ശ്രീമതി. എസ്.സന്ധ്യയുടെ 15/11/2007 മുതൽ 30/12/2008 വരെയുള്ള ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമവല്ക്കരിക്കുന്നതിന് പരാമർശം 4 ലെ 17.07.2012 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ

അവധിയപേക്ഷയിലെ അപാകതകൾ പരിഹരിച്ച് മടക്കി നല്കുന്നതിന് ടി പ്രൊപ്പോസൽ മടക്കുകയും തുടർന്ന് പരാമർശം 4 ലെ 23.11.2015 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരമുള്ള പുതുക്കിയ അവധിയപേക്ഷ സമർപ്പിയ്ക്കുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണാടി ഗ്രാമ പഞ്ചായത്തിലെ മുൻ യു.ഡി.ക്ലാർക്ക് ശ്രീമതി. എസ്.സന്ധ്യയുടെ 15/11/2007 മുതൽ 30/12/2008 വരെയുള്ള കാലയളവ് കെ. എസ്. ആർ. ഭാഗം 1, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ അനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമവല്കരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. പരാമർശം 1 പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.06.2015 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി. എസ്.സന്ധ്യ, അക്കൗണ്ടന്റ്, അഴൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ധനവകുപ്പ് ( 18.02.2015 ലെ 5329/റൂൾസ്-ബി2/15/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ